**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി സ്കൂളുകളിലെ സീറ്റുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ ആവശ്യമായ കുട്ടികളില്ലാത്ത ബാച്ചുകൾ, മതിയായ സീറ്റുകളില്ലാത്ത മറ്റു ജില്ലകളിലേയ്ക്ക് മാറ്റി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | 2023-24 അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനം പൂർത്തിയായപ്പോൾ 25-ൽ താഴെ കുട്ടികൾ ഉള്ള 129 ബാച്ചുകൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഉണ്ട്. മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ 2022-23 അദ്ധ്യയന വർഷം സ.ഉ. (കൈ) നം. 118/2022/പൊ.വി.വ തീയതി 07/07/2022 സർക്കാർ ഉത്തരവ് അനുസരിച്ച് അനുവദിച്ച ആകെ 81 താൽക്കാലിക ബാച്ചുകൾ 2023-24 അദ്ധ്യയന വർഷവും സ.ഉ.(കൈ)നം. 63/2023/പൊ.വി.വ തീയതി 27/05/2023 സർക്കാർ ഉത്തരവ് അനുസരിച്ച് തുടർന്നിരുന്നു. സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | സീറ്റുകളുടെ എണ്ണം കുറവുള്ള ജില്ലകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ? | (ബി) | നിലവിൽ സംസ്ഥാനത്ത് ഒരു ജില്ലയിലും സീറ്റിന്റെ അപര്യാപ്തത ഇല്ല. |

സെക്ഷൻ ഓഫീസർ